**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അദ്വൈത് എം കെ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ1/2034/2017/ജിമെആ എറണാകുളം തീയതി.17.10.2023

2. കാരണം കാണിക്കൽ നോട്ടീസ് നം DHS/23338/2023-EA4 തീയതി 07.04.2025

3. ഡോ അദ്വൈത് എം കെ സമർപ്പിച്ച അപേക്ഷ തീയതി 25.04.2025

**ഉത്തരവ് നം. DHS/23338/2023-EA4 തീയതി.21-01-2026**

ഡോ അദ്വൈത് എം കെ (Dr Advait M K,PEN 783532), 26.09.2016 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. എറണാകുളം പാലിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 30.11.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം മറുപടി സമർപ്പിച്ചിരിക്കുന്നു. ആരോഗ്യ വകുപ്പിൽ സേവനത്തിൽ തുടരുന്നതിന് താല്പര്യമില്ലെന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും രാജി വയ്ക്കുന്നതായി അറിയിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

(2). ഡോ അദ്വൈത് എം കെ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് രാജിവയ്ക്കുന്നതായി അറിയിക്കുകയും ചെയ്ത ടിയാളുടെ മറുപടി പരിഗണനാർഹമല്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ 30.11.2016 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അദ്വൈത് എം കെ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ അദ്വൈത് എം കെ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 21-01-2026 15:26:56

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Advaith M K,**

**Padmam, TC-2/3038(3), Mangannurkonam Lane B- 47**

**Pattom, Thiruvananthapuram.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
എറണാകുളം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
പ്രാഥമികാരോഗ്യ കേന്ദ്രം പാലിശ്ശേരി, എറണാകുളം.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ